പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:307 28.06.2011- ലെ മറുപടി

<u>റെയിൽപാത പാത ഇരട്ടിപ്പിക്കൽ നടപടി</u>

<u>ചോദ്യം</u> <u>ഉത്തരം</u>

ശ്രീ. കെ.വി.അബ്ദുൾ ഖാദർ

ശ്രീ.ആര്യാടൻ മുഹമ്മദ്
ഊർജ്ജ വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | 2006-2011 കാലയളവിൽ സംസ്ഥാനത്ത് നടന്ന റെയിൽപാത ഇരട്ടിപ്പിക്കൽ നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ ; | (എ) യും (ബി) യും (സി) യും | എറണാകുളം മുതൽ മുളന്തുരുത്തി വരെയും, മാവേലിക്കര മുതൽ കായംകുളം വരെയും ഷൊർണ്ണൂർ മുതൽ പള്ളിപ്പുറം വരെയും കല്ലായി മുതൽ കോഴിക്കോട് വരെയും ഉള്ള പാതയിരട്ടിപ്പിക്കൽ 2006 മുതൽ 2011 വരെയുള്ള കാലയളവിൽ കമ്മീഷൻ ചെയ്തിട്ടുണ്ട്. ഹരിപ്പാട് മുതൽ കായംകുളം വരെയുള്ള പാതയിരട്ടിപ്പിക്കൽ പണികൾ പൂർത്തിയായിട്ടുണ്ട്. ചെങ്ങന്നൂർ മുതൽ മാവേലിക്കര വരെ ഉള്ള പാതയിരട്ടിപ്പിക്കൽ നടപടികൾ അന്തിമഘട്ടത്തിലാണ്. മുളന്തുരുത്തിക്കും ചെങ്ങന്നൂരിനുമിടയിൽ റെയിൽവെയ്ക്ക് സ്ഥലം ഏറ്റെടുത്ത് നൽകിയിട്ടുള്ള ഭാഗങ്ങളിൽ പാതയിരട്ടിപ്പിക്കൽ നടപടി ദ്രുതഗതിയിൽ നടന്നുവരുന്നു.<br>എറണാകുളം മുതൽ കായംകുളം വരെയുള്ള |
| (ബി) | എത്ര കിലോമീറ്റർ പാത ഇരട്ടിപ്പിക്കുന്നതിനും കമ്മീഷൻ ചെയ്യുന്നതിനും സാധിച്ചുവെന്ന് അറിയിക്കുമോ; | | |

| | | | |
|---|---|---|---|
| സി) | പാതയിരട്ടിപ്പിക്കുന്നതിനുള്ള സ്ഥലം അക്വയർ ചെയ്തതിന്റെ വിശദാംശം വ്യക്തമാക്കുമോ ? | | റൂട്ടിൽ (കോട്ടയം വഴി) 25 കി:മീറ്ററും ഷൊർണ്ണൂർ മുതൽ കോഴിക്കോട് വരെയുള്ള റൂട്ടിൽ 22.32 കി.മീറ്ററും കമ്മീഷൻ ചെയ്തിട്ടുണ്ട്. എറണാകുളം മുതൽ കായംകുളം വരെയുള്ള റൂട്ടിൽ (ആലപ്പുഴ വഴി) 13 കി:മീറ്റർ കമ്മീഷൻ ചെയ്യത്തക്കവിധം ദ്രുതഗതിയിൽ പ്രവർത്തനം നടന്നു വരുന്നു.<br>എറണാകുളം മുതൽ കുമ്പളം വരെയുള്ള പാതയിരട്ടി പ്പിക്കലുമായി ബന്ധപ്പെട്ട് സർവ്വെ നടപടികൾ നടന്നു വരുന്നു. കുമ്പളം മുതൽ തുറവൂർ വരെയുള്ള പാതയിരട്ടിപ്പിക്കലിന് അംഗീകാരം ലഭിച്ചിട്ടുണ്ട്.<br>പാതയിരട്ടിപ്പിക്കലുമായി ബന്ധപ്പെട്ട് ആലപ്പുഴ, കോട്ടയം, പത്തനംതിട്ട, എറണാകുളം എന്നീ ജില്ലകളിൽ നിന്നും റെയിൽവെയ്ക്ക് ഏറ്റെടുത്ത് നൽകേണ്ട 48 ഹെക്ടർ സ്ഥലം നൽകുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ